(ജി) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 37.

(ബി) ഉണ്ട്.

(സി) 2.

(ഡി) സർജറിയിലും ഗൈനക്കോളജിയിലും ഓരോ ഡോക്ടർ വീതം.

(ഇ) ഉണ്ട്.

(എഫ്) പരിഗണനയിലുണ്ട്.

(ജി) 1986-87-ൽ സാമ്പത്തിക ലഭ്യതയനുസരിച്ച് 30 കിടക്കകളുള്ള ഒരു വാർഡിന്റെ പണി തുടങ്ങുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഹരിജൻ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

402. [587] ശ്രീമതി ഗൗരി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്നഹരിജൻ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ചെലവുകൾ എന്നീ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാനും അവരിൽ നിന്ന് ഹോസ്റ്റൽ ഫീസും മറ്റും ഈടാക്കുന്നതിനും ജില്ലാ വെൽഫെയർ ഓഫീസർ ഉത്തരവിട്ട സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഹരിജൻ വിദ്യാർത്ഥികളിൽനിന്നും ഹോസ്റ്റൽ ചാർജ് ഈടാക്കുന്ന നടപടി ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-5-1985-ലെ (എം. എസ്.) 34/85/ ഹ. ക്ഷേ. വ. നമ്പർ ഉത്തരവു പ്രകാരം ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ട് ഒരു പോസ്റ്റ് മെട്രിക്ക് കോഴ്സിനു ചേർന്നു പഠിച്ചിട്ട് അത് വിജയകരമായി പൂർത്തിയാക്കാതെ രണ്ടാമതൊരു പോസ്റ്റ് മെട്രിക്ക് കോഴ്സിനു ചേർത്താൽ രണ്ടാമത്തെ കോഴ്സിനു മുഴുവൻ ആനുകൂല്യങ്ങളും നൽകേണ്ടതില്ല എന്ന് വ്യവസ്ഥചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ വെൽഫെയർ ഓഫീസർ അങ്ങനെയുള്ള വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചത്. 20-3-1986-ലെ ഉത്തരവനുസരിച്ച് മെഡിക്കൽ വിദ്യാർത്ഥികളെയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെയും പിന്നീട് ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ എം. ബി. ബി. എസ്., ബി. എസ്സി. (എഞ്ചിനീയറിംഗ്) എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി അവർക്ക് എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും 20-3-1986-ൽ (എം. എസ്.) 24/86/പജ. പവ. വി. വ. നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly